വന വികസന ഏജൻസികൾക്ക് എൻ.റ്റി.എഫ്.പി. മൂല്യവർദ്ധന നടത്തി വിപണനം ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സേവനങ്ങൾ ഏർപ്പെടുത്തുകയാണ് പ്രധാന പ്രവർത്തനം.

(ഇ) സംസ്ഥാന വന വികസന ഏജൻസി 2010 ജൂൺ 3-ന് നിലവിൽ വന്നു.

വളപട്ടണം പുഴയോരത്ത് ഇക്കോ ടൂറിസം സൊസൈറ്റി നിർമ്മിച്ച മാൻഗ്രോവ് തീം പാർക്ക്

111 (5798) ശ്രീ. കെ. സി. ജോസഫ് താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയോരത്ത് പുഴവാരം കയ്യേറി ഇക്കോടൂറിസം സൊസൈറ്റി നിർമ്മിച്ച മാൻഗ്രോവ് തീം പാർക്ക് പരിസ്ഥിതി നിയമങ്ങൾ ലംഘിച്ചാണ് നിർമ്മാണപ്രവർത്തനം നടത്തിയതെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതി നടത്തിയ പഠന റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദഗ്ദ്ധ സമിതി റിപ്പോർട്ട് പരിസ്ഥിതി മന്ത്രാലയം, കേരള തീരദേശ പരിപാലന അതോറിറ്റി ചെയർമാന് അയച്ചതായി അറിയുന്നു.

(സി) സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി നിയമിച്ച വിദഗ്ധ സമിതി 20-7-2010-ന് കണ്ടൽ തീം പാർക്ക് പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ 19-7-2010-ന് കണ്ടൽ തീം പാർക്ക് പ്രവർത്തനം നിർത്തിവച്ചതായും വിവരം ലഭിച്ചിട്ടുണ്ട്.

നഗര പ്രദേശങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കാൻ നടപടി

112 (5801) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കാൻ, സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ആലപ്പുഴ നഗരത്തിൽ എത്ര കാവുകളും പൊതു കുളങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly